**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1922** 10.03.2020 - ൽ മറുപടിക്ക്.

## വീട്ടും സ്ഥലവും ഇല്ലാത്തവർക്ക് റേഷൻകാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| സ്വന്തമായി വീട്ടും സ്ഥലവും ഇല്ലാത്തവർക്കും റേഷൻകാർഡ് അനുവദിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; ഇവർക്ക് റേഷൻ കാർഡിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ? | അതെ. സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ളവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന തിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**